K18U 2238

Reg. No. : ...............................

Name : ...................................

# I Semester B.A./B.Sc. Degree (CBCSS – Reg./Supple./Improve.) Examination, November 2018
## COMMON COURSE IN MALAYALAM
## 1A 07 MAL : Sahithya Ganangal
## (2016 Admn. Onwards)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'കൊച്ചുസീത' യിലെ കഥാംശത്തിൽ സ്ത്രീപക്ഷവായന സാദ്ധ്യമാണോ ? പരിശോധിക്കുക.

2) 'സമൂഹവൈറസ്' എന്ന കവിതയിലെ വിമർശനത്തിന്റെ സ്വഭാവം വിലയിരുത്തുക.

3) 'ദൈവത്തിന്റെ പൂമ്പാറ്റ'എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

4) 'വികസനവും പരിസ്ഥിതിയും' എന്ന ലേഖനത്തിൽ സുഗതകുമാരി അവതരിപ്പിക്കുന്ന ആശയങ്ങൾ ചുരുക്കി എഴുതുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) ''മാനസം നടുങ്ങുന്നി,തെത്ര ദുഷ്കാലങ്ങളാ –
പ്രാണവേദന തിന്നിതൊടുവിൽ ഭവാൻ വന്നു'' – സൂചിതം വ്യക്തമാക്കുക.

6) ''ഈപ്പെരുമ്പറകൊട്ടലനാചാര –
ദുഷ്പ്രഭുത്വമേ, നിൻ ജയഘോഷണം'' എന്തിനെക്കുറിച്ചാണ് കവി പറയുന്നത് ? വിശദമാക്കുക.

7) 'ആര്യദ്രാവിഡസംഘട്ടനങ്ങൾ കഴിഞ്ഞു മധ്യയുഗങ്ങളിലെത്തുമ്പോൾ അതാ മറ്റൊരു സംസ്കാരലോപം' ലേഖകൻ സൂചിപ്പിക്കുന്നതെന്ത് ?

8) 'പൊതിച്ചോറ് ' എന്ന കഥ അവതരിപ്പിക്കുന്ന അടിസ്ഥാന പ്രശ്നമെന്താണ് ? വിശദമാക്കുക.

9) 'അന്നത്തെ കേരളീയജീവിതത്തിന്റെ ഏറ്റവും വലിയ വിമർശകനായിരുന്ന ഗുരു ഈ ഭ്രാന്തിനെയാണ് ചികിൽസിച്ചത് ' – വിശദമാക്കുക.

10) ഹാസ്യത്തിന്റെ ഉല്പത്തിയെപ്പറ്റി എം. പി. പോൾ പറയുന്നതെന്തെല്ലാം ?

**(4×3=12)**

P.T.O.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) 'ഇരുട്ടിന്റെ വാതിൽ തുറന്നെത്തുന്ന വെളിച്ചം പോലെ അയാളുടെ മനസ്സിൽ അപ്പോൾ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ വന്നു നിറഞ്ഞു' എപ്പോൾ ? സന്ദർഭം വിവരിക്കുക.

12) ''എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും, മക്കളേ!'' ആന്തരാർത്ഥം വിവരിക്കുക.

13) ''പക്ഷേ, അന്ന് അവരെല്ലാവരും വീട്ടിൽനിന്ന് പുറത്തുപോയപ്പോൾ അവൾ കണ്ണാടിയെടുത്തു വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു.'' ആര് ? കാരണമെന്ത് ?

14) ''നീ,യെന്റെ തിരികെടും നേരത്ത് തീർത്ഥകണ –
മായലിയുമന്ത്യാനുഭൂതി'' വിവക്ഷിതാർത്ഥം വിശദമാക്കുക.

15) ''ധർമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം'' ദേവദാസികളുടെ അവസ്ഥയെ ഇതെപ്രകാരം പ്രതിഫലിപ്പിക്കുന്നു ?

16) 'ഇതര ചരാചരങ്ങളുടെ ചരിത്രപുസ്തകം' എന്ന കഥയുടെ ആഖ്യാനസ്വഭാവം ചുരുക്കി എഴുതുക. **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) വിന്ധ്യവനങ്ങളോട് ബന്ധമില്ലാത്ത കാളിദാസകൃതികൾ ഏതെല്ലാം ?

18) 'അച്ഛനും മകളും' എന്ന കൃതി എഴുതിയതാര് ?

19) 'കോതമ്പുമണികൾ' എന്ന കവിത എഴുതിയതാര് ?

20) ശരിയായ ഇടതുവാദത്തിന്റെ ആരംഭമായി കെ. പി. അപ്പൻ കാണുന്ന പ്രബോധനവാക്യം ഏത് ?

21) 'ഗൗരി' എന്ന പ്രസിദ്ധ കഥയെഴുതിയതാര് ?

22) 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' ആരുടെ കൃതിയാണ് ?

23) 'അവിടെ നിന്നാണല്ലോ രാമായണത്തിന്റെ പുറപ്പാട്' എവിടെ നിന്ന് ?

24) 'കൊഴിഞ്ഞ ഇലകൾ' ഏത് സാഹിത്യരൂപത്തിൽ ഉൾപ്പെടുന്ന കൃതിയാണ് ? **(6×1=6)**

---